**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പെരുവയൽ ഗ്രാമപഞ്ചായത്ത് - കുടിവെള്ള വിതരണത്തിന് അധികമായി ചെലവായ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1060/2020/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 05/06/2020

---

പരാമർശം:- 1 പെരുവയൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24/06/2019 ലെ A2 No.356/19 നമ്പർ കത്ത്.

2 പഞ്ചായത്ത് ഡയറക്ടറുടെ 01/02/2020 ലെ PAN/10828/2019-G1 (DP) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ പെരുവയൽ ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം 2019 ഏപ്രിൽ ആദ്യവാരം തന്നെ ആരംഭിക്കുയും ജൂൺ 11 വരെ കുടിവെള്ള വിതരണം നടത്തുകയും ചെയ്തു. ഏപ്രിൽ , മെയ് , ജൂൺ മാസങ്ങളിലായി 28,48,167/- രൂപ കുടിവെള്ള വിതരണത്തിനായി ചെലവഴിച്ചിട്ടുണ്ടെന്നും, 2/03/2019 ലെ സ . ഉ .( സാധാ ) നം .500/2019/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 11 ലക്ഷം രൂപ കരാറുകാരന് നൽകുകയും അധികമായി ചെലവ് വന്ന 17,48,167/- രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം 1 പ്രകാരം പെരുവയൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയും, പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യം ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെരുവയൽ ഗ്രാമപഞ്ചായത്ത് കുടിവെള്ള വിതരണത്തിന് അധികമായി ചെലവഴിച്ചതും കരാറുകാർക്ക് നൽകുവാൻ ബാക്കിയുള്ളതുമായ 17,48,167/- രൂപ (പതിനേഴ് ലക്ഷത്തി നാൽപ്പത്തെണ്ണായിരത്തി ഒരുന്നൂറ്റി അറുപത്തേഴ് രൂപ) തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**അനിൽ കുമാർ ജി**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രസിഡന്റ്/സെക്രട്ടറി, പെരുവയൽ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by S BINDU
Date: 2020.06.09 14:07:54 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എക്ക്